## ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സാംസ്കാരിക വിഭാഗം നടത്തുന്ന പ്രവർത്തനം

16 (*316) ശ്രീ. വി. ശശികുമാർ :
ശ്രീ. പി. വിശ്വൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ-സാംസ്കാരിക വിഭാഗം നടത്തുന്ന പ്രവർത്തനം വിശദമാക്കുമോ ;

(ബി) അന്തർ സംസ്ഥാന സാംസ്കാരിക വിനിമയ പരിപാടി അനുസരിച്ച് എന്തെല്ലാം പരിപാടികൾ കഴിഞ്ഞ രണ്ടുവർഷ കാലയളവിൽ നടത്തി എന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിന്റെ സാംസ്ക്കാരിക തനിമയും തനത് കലാരൂപങ്ങളും ദേശീയതലത്തിൽ ഉയർത്തിക്കാട്ടുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്യുമോ ;

(ഡി) സംസ്ഥാന രൂപീകരണ ദിനവുമായി ബന്ധപ്പെട്ട് സാംസ്കാരിക വിഭാഗം പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സാംസ്കാരിക വിഭാഗം സ്വന്തമായും വിവിധ സാംസ്കാരിക സംഘടനകളുടെ സഹകരണത്തോടെയും സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും അവാർഡ് ലഭിച്ച ചലച്ചിത്രങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുക, ഇന്ത്യൻ പനോരമയിലെ ചിത്രങ്ങൾ തിരുവനന്തപുരത്തും തെരഞ്ഞെടുത്ത ജില്ലാ ആസ്ഥാനങ്ങളിലും പ്രദർശിപ്പിക്കുക, ദേശീയ നാടകോത്സവം, ബംഗാളി അസോസിയേഷന്റെ സഹകരണത്തോടെ ടാഗോർ ജയന്തി ആഘോഷം, വകുപ്പ് നിർമ്മിച്ച വീഡിയോ ചിത്രങ്ങളുടെ മേളകൾ തലസ്ഥാനത്തും ജില്ലകളിലും സംഘടിപ്പിക്കുക, ലോക നാടകദിനം ആഘോഷിക്കുക, അതത് കാലങ്ങളിൽ യുക്തമെന്ന് തോന്നുന്ന സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക, അന്തർസംസ്ഥാന സാംസ്കാരിക വിനിമയ പരിപാടികൾ സംഘടിപ്പിക്കുക, ഡൽഹിയിൽ കേരള പ്പിറവി ആഘോഷിക്കുക തുടങ്ങിയവയാണ് ഈ വിഭാഗം നടത്തുന്നത്.

(ബി) 2007 നവംബറിൽ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സാംസ്കാരിക വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ സാംസ്കാരിക സംഘം ഹിമാചൽപ്രദേശ് സന്ദർശിച്ച് വിവിധ സ്ഥലങ്ങളിൽ സാംസ്കാരിക പരിപാടികൾ അവതരിപ്പിച്ചിരുന്നു. ഹിമാചൽപ്രദേശിൽ നിന്നുള്ള സാംസ്കാരിക സംഘം 2008 ജനുവരിയിൽ പാലക്കാട്, കണ്ണൂർ, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ സാംസ്കാരിക പരിപാടികൾ അവതരിപ്പിച്ചിരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

(സി) പരിഗണിക്കുന്നതാണ്.

(ഡി) സംസ്ഥാന രൂപീകരണവുമായി ബന്ധപ്പെട്ട്, വകുപ്പിന്റെ സാംസ്കാരിക വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും, ജില്ലാഭരണകൂടവുമായി സഹകരിച്ച് വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ, പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

## ക്ഷീര സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി

17 (*317) ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. എം. എം. മോനായി :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ക്ഷീര സഹകരണ സംഘങ്ങളോടനുബന്ധിച്ച് പാൽ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കാൻ ധനസഹായം നൽകുമോ ;

(സി) കഴിഞ്ഞ വർഷം എത്ര ക്ഷീര സഹകരണ സംഘങ്ങൾ പുതുതായി ആരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) വനിതാ ക്ഷീരോൽപ്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഇ) വനിതാ ക്ഷീരോൽപ്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി സംസ്ഥാനത്തെ മുഴുവൻ ക്ഷീരസഹകരണ സംഘങ്ങളിലും ഘട്ടംഘട്ടമായി ആട്ടോമേഷൻ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളുടെ പാൽ സംഭരണത്തിന് കമ്പ്യൂട്ടറൈസ്ഡ് ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സ്റ്റേഷൻ സ്ഥാപിക്കുന്നതിനും ഇതിനായി പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ഇലക്ട്രോണിക് മിൽക്കോ ടെസ്റ്റർ, രാസവസ്തുക്കൾ, ഇലക്ട്രോണിക് ത്രാസ്സുകൾ തുടങ്ങിയവ വാങ്ങുന്നതിനും ധനസഹായം നൽകി വരുന്നു. ഇതുമൂലം കർഷകരിൽ നിന്നുള്ള പാൽ സംഭരണം സുതാര്യവും കുറ്റമറ്റതാകുകയും കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുകയും ചെയ്യുന്നു. ഇതിനുപുറമേ സംഘങ്ങളിൽ സംഭരിക്കുന്ന പാൽ ശീതീകരിക്കുന്നതിനായി തെരഞ്ഞെടുത്ത സംഘങ്ങളിൽ ബൾക്ക് മിൽക്ക് കൂളറുകൾ സ്ഥാപിക്കുന്നതിനും പാൽ ശേഖരണ മുറികൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകിവരുന്നുണ്ട്. പുതുതായി തുടങ്ങുന്ന ക്ഷീര സഹകരണ സംഘങ്ങൾക്ക് പ്രവർത്തനാരംഭ ധനസഹായവും,

LIBRARY ARCHIVES Kerala Legislative Assembly